**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **16-03-2022 - ൽ മറുപടിയ്ക്ക്**

**ക്വാറിയിൽ ഖരമാലിന്യം തള്ളുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ രാജുപോൾ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ക്വാറിയിൽ ഖരമാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് പൊല്യൂഷൻ കൺട്രോള്‍ ബോർഡിൽ പഞ്ചായത്ത് നല്കിയിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊല്യൂഷൻ കൺട്രോൾ ബോർഡിൽ പഞ്ചായത്ത് പരാതി നൽകിയിട്ടില്ല. എന്നാൽ എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന DLMC (District Level Monitoring Committee) മീറ്റിംഗിൽ ഈ വിഷയത്തെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ.രാജു പോളിന്റെ ഉടമസ്ഥതയിലുള്ള പാറമടയിലും പരിസരത്തും ഖര മാലിന്യങ്ങൾ നിക്ഷേപിച്ച സ്ഥലത്തും മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസ് - 2 ലെ ഓഫീസർമാർ, കോതമംഗലം താലൂക്ക് അസിസ്റ്റന്റ് തഹസിൽദാർ, സ്ഥലം വില്ലേജ് ഓഫീസർ, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള ഉദ്യോഗസ്ഥ, അമ്പലമുകൾ കെ.ഇ.ഐ.എൽ പ്രതിനിധികൾ എന്നിവർ ഉൾപ്പെടെയുള്ള കമ്മിറ്റി പരിശോധന നടത്തി. പരിശോധനയിൽ, വെള്ളം കെട്ടികിടക്കുന്ന പാറമടയിലും പരിസരത്തുമായി ടൺകണക്കിന് പ്ലാസ്റ്റിക്, അജൈവമാലിന്യങ്ങൾ നിക്ഷേപിച്ചതായി കണ്ടെത്തി. പ്രാഥമിക നിഗമനത്തിൽ ഏകദേശം 200 ടൺ മാലിന്യം ഉള്ളതായി കാണുന്നു. ഖരമാലിന്യങ്ങളുടെ സാമ്പിൾ പൊതുമാലിന്യ സംഭരണ നിർമ്മാർജ്ജന പ്ലാന്റ് ആയ KEIL അധികൃതർ ശേഖരിച്ചിട്ടുണ്ട്. പാറമടയിലെ വെള്ളത്തിന്റെ സാമ്പിളും ശേഖരിച്ച് പരിശോധനക്ക് അയച്ചിട്ടുണ്ട്. ജലസ്രോതസ്സുകളും, ഭൂമിയും, മലിനമാക്കുന്ന രീതിയിൽ ഖരമാലിന്യങ്ങൾ നിക്ഷേപിച്ചതിന് സ്ഥലം ഉടമസ്ഥന് എതിരെ പരിസ്ഥിതി നിയമം 1986 ലെ വകുപ്പുകൾ പ്രകാരവും, ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിധി പ്രകാരവും environmental compensation ചുമത്തുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ പഞ്ചായത്ത് സെക്രട്ടറിയും ഭരണസമിതിയും നല്കിയ പരാതിയിൽ നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | പൊലൂഷൻ കൺട്രോൾ ബോർഡിൽ പഞ്ചായത്ത് പരാതി നൽകിയിട്ടില്ല. എന്നാൽ എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന DLMC (District Level Monitoring Committee) മീറ്റിംഗിൽ ഈ വിഷയത്തെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ.രാജു പോളിന്റെ ഉടമസ്ഥതയിലുള്ള പാറമടയിലും പരിസരത്തും ഖര മാലിന്യങ്ങൾ നിക്ഷേപിച്ച സ്ഥലത്തും മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസ് - 2 ലെ ഓഫീസർമാർ, കോതമംഗലം താലൂക്ക് അസിസ്റ്റന്റ് തഹസിൽദാർ, സ്ഥലം വില്ലേജ് ഓഫീസർ, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള ഉദ്യോഗസ്ഥ, അമ്പലമുകൾ കെ.ഇ.ഐ.എൽ പ്രതിനിധികൾ എന്നിവർ ഉൾപ്പെടെയുള്ള കമ്മിറ്റി പരിശോധന നടത്തി. പരിശോധനയിൽ, വെള്ളം കെട്ടികിടക്കുന്ന പാറമടയിലും പരിസരത്തുമായി ടൺകണക്കിന് പ്ലാസ്റ്റിക്, അജൈവമാലിന്യങ്ങൾ നിക്ഷേപിച്ചതായി കണ്ടെത്തി. പ്രാഥമിക നിഗമനത്തിൽ ഏകദേശം 200 ടൺ മാലിന്യം ഉള്ളതായി കാണുന്നു. ഖരമാലിന്യങ്ങളുടെ സാമ്പിൾ പൊതുമാലിന്യ സംഭരണ നിർമ്മാർജ്ജന പ്ലാന്റ് ആയ KEIL അധികൃതർ ശേഖരിച്ചിട്ടുണ്ട്. പാറമടയിലെ വെള്ളത്തിന്റെ സാമ്പിളും ശേഖരിച്ച് പരിശോധനക്ക് അയച്ചിട്ടുണ്ട്. ജലസ്രോതസ്സുകളും, ഭൂമിയും, മലിനമാക്കുന്ന രീതിയിൽ ഖരമാലിന്യങ്ങൾ നിക്ഷേപിച്ചതിന് സ്ഥലം ഉടമസ്ഥന് എതിരെ പരിസ്ഥിതി നിയമം 1986 ലെ വകുപ്പുകൾ പ്രകാരവും, ദേശീയ ഹരിത ട്രിബ്യൂണലിന്റെ വിധി പ്രകാരവും environmental compensation ചുമത്തുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരത്തിൽ സ്വകാര്യ വ്യക്തി ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി വലിയ തരത്തിലുള്ള പരിസ്ഥിതി മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പരിസ്ഥിതി മലിനീകരണത്തോടൊപ്പം പകർച്ചവ്യാധികളും കൂടി പിടിപെടാനുള്ള സാഹചര്യം കണക്കിലെടുത്ത് അടിയന്തരമായി ഇവിടെ നിക്ഷേപിച്ചിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ